## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4030** **16.03.2017-ൽ മറുപടിയ്ക്ക്**

**പി.കെ. കാളൻ കുടുംബപദ്ധതിയുടെ പ്രവർത്തനം**

**ചോദ്യം**
**ശ്രീ.ഒ. ആർ. കേളു**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | മാനന്തവാടി മണ്ഡലത്തിലെ പണി പൂർത്തിയാകാതെ കിടക്കുന്ന ആദിവാസി ഭവനങ്ങളുടെ എണ്ണം എത്രയാണ്; | എ) | 1054 |
| ബി) | ആദിവാസി വീടുകളുടെ പണി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | ബി) | പട്ടികവർഗ്ഗക്കാരുടെ വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് ജില്ലാതല ഓഫീസർമാർ മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാധാരണ ഗതിയിൽ ഗുണഭോക്താക്കൾ നേരിട്ടാണ് ഭവന നിർമ്മാണം നടത്തുന്നത്. നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനും ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) | ബജറ്റിൽ പ്രഖ്യാപിച്ച പി.കെ. കാളൻ കുടുംബപദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചോ? | സി) | പി.കെ.കാളൻ കുടുംബപദ്ധതി നടപ്പിലാക്കുന്നതിന് വിവിധ വകുപ്പുകളുമായി വിശദമായ ചർച്ച ആവശ്യമുണ്ട്. ഇത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ